


*സംവരണ കണ്‍വെന്‍ഷനില്‍ കേന്ദ്രമന്ത്രി രാംവിലാസ് പാസ്വാന്‍ പ്രസംഗിക്കുന്നു*

# മുസ്‌ലിംകള്‍ക്ക് പത്തുശതമാനം സംവരണം നടപ്പാക്കുക-ദേശീയ കണ്‍വെന്‍ഷന്‍

റിപ്പോര്‍ട്ട്

**എം. സാജിദ്**

**ന്യൂദല്‍ഹി:** സ്വതന്ത്ര ഭാരതത്തിന്റെ ചരിത്രത്തിലുടനീളം അവഗണനയുടെയും അവകാശനിഷേധങ്ങളുടെയും ഇരകളായിത്തീര്‍ന്ന മുസ്‌ലിംകളെ ദേശീയ മുഖ്യധാരയിലേക്കുയര്‍ത്തുന്നതിനും ബഹുത്വത്തില്‍ അധിഷ്ഠിതമായ ഇന്ത്യന്‍ ജനാധിപത്യത്തെ അര്‍ഥപൂര്‍ണമാക്കുന്നതിനും മുസ്‌ലിം സമുദായത്തെ പിന്നാക്ക വിഭാഗമായി പ്രഖ്യാപിച്ച് വിദ്യാഭ്യാസ-തൊഴില്‍മേഖലകളില്‍ പത്തു ശതമാനം സംവരണം നടപ്പാക്കണമെന്ന് ദല്‍ഹിയില്‍ നടന്ന ദേശീയ കണ്‍വെന്‍ഷന്‍ ആവശ്യപ്പെട്ടു. ജോയിന്റ് കമ്മിറ്റി ഓഫ് മുസ്‌ലിം ഓര്‍ഗനൈസേഷന്‍സ് ഫോര്‍ എംപവര്‍മെന്റി(ജെ.സി.എം.ഒ.ഇ)ന്റെ നേതൃത്വത്തില്‍ ഇന്ത്യ ഇസ്‌ലാമിക് കള്‍ച്ചറല്‍ സെന്ററില്‍ നടന്ന കണ്‍വെന്‍ഷനില്‍ രാഷ്ട്രീയ-സാമുദായിക ഭേദമില്ലാതെ ഏകകണ്ഠമായാണ് ഈ ആവശ്യം ഉന്നയിക്കപ്പെട്ടത്.

സുപ്രീംകോടതി മുന്‍ ചീഫ് ജസ്റ്റിസ് എ.എം അഹ്മദി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗണ്യമായൊരു വിഭാഗത്തെ പുരോഗതിയില്‍നിന്ന് മാറ്റിനിര്‍ത്തി ഒരു സമൂഹത്തിനും മുന്നോട്ടു പോകാന്‍ സാധിക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. പ്രത്യക്ഷമായും പരോക്ഷമായുമുള്ള വിവേചനങ്ങള്‍ക്ക് ഇരയായവരാണ് മുസ്‌ലിംകള്‍. രാജ്യത്തിന്റെ മുഖ്യധാര രാഷ്ട്രീയ പ്രക്രിയയില്‍ പങ്കുകൊള്ളാന്‍ തുടങ്ങിയപ്പോഴേക്കും, വര്‍ഗീയ-സാമുദായിക സംഘര്‍ഷങ്ങളിലൂടെ മുസ്‌ലിം സമുദായത്തെ അടക്കിയിരുത്താന്‍ വര്‍ഗീയ ഫാഷിസ്റ്റ് ശക്തികള്‍ക്ക് സാധിച്ചു. മുസ്‌ലിംകളുടെ ശാക്തീകരണത്തിനു വേണ്ടി സംവരണത്തെക്കുറിച്ച ആലോചനകള്‍ നടന്ന വേളകളിലൊക്കെ പ്രീണനത്തിന്റെയും കപട മതേതരത്വത്തിന്റെയും പേരു പറഞ്ഞ് ഇക്കൂട്ടര്‍ പ്രതിസന്ധികള്‍ സൃഷ്ടിച്ചു. പിന്നാക്കാവസ്ഥ പരിഗണിച്ച് മുസ്‌ലിം സമുദായത്തിനൊന്നാകെ സംവരണം ഏര്‍പ്പെടുത്തുന്നതിന് ഭരണഘടന തടസ്സം നില്‍ക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. സംവരണാശയത്തിന്റെ കടക്കല്‍ കത്തിവെക്കുന്ന 'സംവരണം 50 ശതമാനത്തില്‍ കൂടരുത്' എന്ന സുപ്രീംകോടതി വിധി പുനഃപരിശോധിക്കാന്‍ സമയമായെന്നും അദ്ദേഹം കൂട്ടിച്ചേര്‍ത്തു.

പ്രശസ്ത വിദ്യാഭ്യാസ ചിന്തകനും ഹംദര്‍ദ് ചാന്‍സലറുമായ സയ്യിദ് ഹാമിദ് അധ്യക്ഷത വഹിച്ചു. സംവരണം നടപ്പാക്കുന്നത് വൈകുന്നതിനുസരിച്ച് മുസ്‌ലിം പിന്നാക്കാവസ്ഥ കൂടുതല്‍ വഷളാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ജെ.സി.എം.ഒ.ഇ കണ്‍വീനറും മുന്‍ പാര്‍ലമെന്റംഗവുമായ സയ്യിദ് ശഹാബുദ്ദീന്‍ ആമുഖപ്രഭാഷണം നടത്തി. മുസ്‌ലിം സമുദായം രാജ്യത്തെ പട്ടികജാതി വിഭാഗങ്ങളേക്കാള്‍ പിന്നാക്കമാണെന്ന് സച്ചാര്‍സമിതി ചൂണ്ടിക്കാട്ടിയത് അദ്ദേഹം അനുസ്മരിച്ചു. 1948-ല്‍ കോണ്‍സ്റ്റിറ്റ്യുവന്റ് അസംബ്ലിയില്‍ മുസ്‌ലിംകള്‍ക്ക് തൊഴില്‍-നിയമനിര്‍മാണ മേഖലകളില്‍ സംവരണം നടപ്പാക്കാന്‍ തീരുമാനമെടുത്തിരുന്നു. എന്നാല്‍ 1949-ല്‍ നടന്ന മറ്റൊരു യോഗത്തില്‍ ഈ തീരുമാനം പുനഃപരിശോധിച്ച് റദ്ദാക്കുകയാണുണ്ടായത്. ഇന്ത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടതു മുതല്‍ ഇന്നുവരെയുള്ള മുസ്‌ലിം അനുഭവങ്ങളെയും ഗോപാല്‍റായ്, മണ്ഡല്‍, സച്ചാര്‍, സംവരണം വേണമെന്ന് പറയുന്നത്. സെക്യുലര്‍

പാർട്ടികൾ എന്നവകാശപ്പെടുന്നവർക്ക് ഇനിയും ഈ ആവശ്യം നിരാകരിക്കാനാവില്ല- അദ്ദേഹം അഭിപ്രായപ്പെട്ടു.

മുസ്‌ലിംകൾ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കമാണെന്ന് വ്യക്തമാക്കുന്ന വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾ നടപ്പാക്കുന്നതിൽ ഇനിയും അമാന്തം കാട്ടരുതെന്ന് കേന്ദ്ര രാസവളം വകുപ്പ് മന്ത്രിയും ലോക്ജനശക്തി പാർട്ടി പ്രസിഡന്റുമായ രാംവിലാസ് പാസ്വാൻ പറഞ്ഞു. ജഗനാഥ് മിശ്ര കമീഷൻ റിപ്പോർട്ട് അടുത്ത പാർലമെന്റ് സമ്മേളനത്തിൽ മേശപ്പുറത്ത് വെക്കണമെന്നും പട്ടികജാതി സംവരണത്തിൽ മുസ്‌ലിം-ക്രിസ്ത്യൻ വിഭാഗങ്ങളെയും ഉൾപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

14 ശതമാനം ജനങ്ങൾ പിന്നാക്കമായി തുടർന്നാൽ രാജ്യത്തിന് ഒരിക്കലും പുരോഗതി നേടാനാവില്ലെന്ന് തുടർന്ന് സംസാരിച്ച സി.പി.ഐ ദേശീയ സെക്രട്ടറി എ.ബി ബർദാൻ പറഞ്ഞു. മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കാൻ അടിയന്തര നടപടികൾ വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഫോർവേർഡ് ബ്ലോക്ക് ദേശീയ ജന. സെക്രട്ടറി ദേബ ബത്ര ബിശ്വാസ്, ജനതാദൾ (സെക്യുലർ) ദേശീയ സെക്രട്ടറി കൻവർ ദാനിഷ്, ഫാദർ ഡൊമിനിക് ഇമ്മാനുവൽ, ജൈന നേതാവ് ബാൽ പാട്ടീൽ എന്നിവർ സംസാരിച്ചു.

പ്രതിനിധി സമ്മേളനത്തിൽ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസ്വർ ഉമരി അധ്യക്ഷത വഹിച്ചു. മുസ്‌ലിംകൾ രാഷ്ട്രീയമായി ശക്തിപ്പെടേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. ദലിത്-മുസ്‌ലിംകൾക്ക് സംവരണം നൽകണമെന്ന് ആവശ്യപ്പെടുമ്പോൾ ഇസ്‌ലാമിൽ ജാതി സമ്പ്രദായം ഉണ്ടെന്ന് തെറ്റിദ്ധരിക്കരുത്. തൊട്ടുകൂടാത്തവരായി ഗണിക്കപ്പെട്ടിരുന്ന പല ജാതികളും ഇസ്‌ലാം സ്വീകരിച്ചതോടെ സാമൂഹികപദവിയിൽ ഉയർച്ച നേടിയിരുന്നു. എന്നാൽ നേരത്തേയുള്ള തൊഴിലുകളിൽ തുടർന്നതിനാൽ സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ അവർ പിന്നാക്കമായി തന്നെ തുടർന്നു. അവർക്കാണ് പട്ടികജാതി സംവരണം ആവശ്യപ്പെടുന്നത്- അദ്ദേഹം വ്യക്തമാക്കി.

1994ൽ മുസ്‌ലിം സംവരണ പ്രസ്ഥാനം ആരംഭിക്കുമ്പോൾ പിന്തുണക്കാൻ ആരുമുണ്ടായിരുന്നില്ലെന്ന് ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാം ഖാൻ പറഞ്ഞു. ഇന്ന് 12 പാർട്ടികൾ ഈ ആശയത്തെ പിന്തുണക്കുന്നത് സന്തോഷകരമാണ്.

എസ്.ഐ.ഒ ദേശീയ സെക്രട്ടറി ഷാനവാസ് അലി റൈഹാൻ, ജസ്റ്റിസ് യാമീൻ, ഇ.എം അബ്ദുർറഹ്മാൻ തുടങ്ങിയവർ സംസാരിച്ചു. അഹ്‌ലെ ഹദീസ് ജന. സെക്രട്ടറി അസ്ഗറലി ഇമാം മെഹ്ദി പ്രാർഥന നടത്തി.

സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ ഉന്നയിച്ച ചില ആവശ്യങ്ങൾ:

1. ജഗനാഥ് മിശ്ര കമീഷൻ റിപ്പോർട്ട് പാർലമെന്റിൽ വെക്കുക. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ അനുസരിച്ച് ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ 15 ശതമാനം സംവരണം നടപ്പാക്കുക. ഇതിൽ 10 ശതമാനം മുസ്‌ലിംകൾക്ക് മാത്രമാക്കുക. ബാക്കി അഞ്ചു ശതമാനത്തിലെ ഉപയോഗിക്കാതെ വരുന്ന ഒഴിവുകളും മുസ്‌ലിംകൾക്ക് നൽകുക.

2. സച്ചാർ, മിശ്ര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മുസ്‌ലിം സമുദായത്തെ പിന്നാക്ക വിഭാഗമായി പ്രഖ്യാപിക്കുക.

3. പട്ടികജാതി സംവരണം മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും നിഷേധിക്കുന്ന ഭരണഘടനയുടെ 341-ാം വകുപ്പ് ഭേദഗതി ചെയ്യുക.

4. സംവരണം 50 ശതമാനത്തിൽ കൂടരുതെന്ന സുപ്രീംകോടതി വിധി ദുർബലപ്പെടുത്തുക.

5. പുരോഗതിയുടെ അടിസ്ഥാനത്തിൽ മുഴുവൻ വിഭാഗങ്ങളുടെയും റീസെൻസസ് നടത്തുക.

6. ക്രീമിലെയർ മാനദണ്ഡങ്ങൾ നിർവചിക്കുക. ഓരോ 10 വർഷം കൂടുമ്പോഴും ക്രീമിലെയർ പുനഃപരിശോധനക്ക് വിധേയമാക്കുക.

7. 2004-'09 വർഷങ്ങളിൽ മുസ്‌ലിം സമുദായത്തിന്റെ സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിലെ പുരോഗതിയുടെ ബാലൻസ് ഷീറ്റ് പുറത്തിറക്കുക.

8. മുസ്‌ലിംകൾക്ക് 10 ശതമാനം സംവരണം എന്ന ആശയത്തെ എല്ലാ സെക്യുലർ പാർട്ടികളും പിന്തുണക്കുക.

9. മുസ്‌ലിം സംവരണത്തെ പിന്തുണക്കുന്ന പാർട്ടികൾക്ക് മാത്രമേ സമുദായം വോട്ടു നൽകാവൂ എന്ന് എല്ലാ മുസ്‌ലിം സംഘടനകളും പ്രഖ്യാപിക്കുക. ■